I/265837/2022

<u>വ്യവസായവാണിജ്യഡയറക്ടറുടെനടപടിക്രമം</u>
<u>(അവതരണം : S. HARIKISHORE I A S)</u>

നം.DIC/460/2022-ED4 തീയതി : 30-08-2022

വിഷയം:- വ്യവസായം - ജീവനക്കാര്യം - ശ്രീ. അൻസർ. പി.എ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് ഫോർമാൻ (പ്ലാസ്റ്റിക് ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:-

1. 27.01.2022 തീയതിയിലെ സ.ഉ.(സാധാ) നം.82/2022/വ്യവ
2. കോമൺ ഫെസിലിറ്റി സർവീസ് സെൻറർ ചങ്ങനാശ്ശേരി ഡെപ്യൂട്ടി ഡയറക്ടറുടെ 28.01.2022 തീയതിയിലെ CFSCCH/38/2022-E1 നമ്പർ നടപടി ക്രമം.
3. 22.01.2022 തീയതിയിലെ DIC/457/2022-ED4 നമ്പർസർക്കുലർ
4. 29.08.2022 തീയതിയിലെ DIC/2585/2022-EE1 സെലക്ട് ലിസ്റ്റ്

കോമൺ ഫെസിലിറ്റി സർവീസ് സെൻറർ ചങ്ങനാശ്ശേരിയിൽ ഫോർമാൻ (പ്ലാസ്റ്റിക്) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ഷാൻ പി.ആർ -ന് പരാമർശം (1) പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (റബ്ബർ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു. തുടർന്ന് ടിയാനെ പരാമർശം (2) പ്രകാരം ഫോർമാൻ (പ്ലാസ്റ്റിക് ) തസ്തികയിൽ നിന്ന് വിടുതൽ ചെയ്യുകയുണ്ടായി. തുടർന്ന് ഫോർമാൻ (പ്ലാസ്റ്റിക്) തസ്തികയിൽ 29.01.2022 തീയതി മുതൽ ഒഴിവ് വരികയും ചെയ്തു. ഫോർമാൻ (പ്ലാസ്റ്റിക്) തസ്തികയിലേക്കുള്ള നിയമനത്തിന് വകുപ്പിലെ ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവീസ് വിഭാഗം ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ വഴി പരാമർശം (3) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

മേൽ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകരുടെ സർട്ടിഫിക്കറ്റ് പരിശോധന നടത്തുകയും സർക്കുലർ പ്രകാരം യോഗ്യരായ ജീവനക്കാരിൽ നിന്നും ഓപ്ഷൻ വാങ്ങുകയും പരാമർശം (4) പ്രകാരം ഡി.പി.സി.(ലോവർ)-ൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. പരാമർശം (4) പ്രകാരമുള്ള ഫോർമാൻ (പ്ലാസ്റ്റിക്) -ന്റെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീ. അൻസർ പി.എ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർക്ക് കോമൺ ഫെസിലിറ്റി സർവീസ് സെൻറർ ചങ്ങനാശ്ശേരിയിൽ ഫോർമാൻ (പ്ലാസ്റ്റിക്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകേണ്ടതുണ്ട്. ആയതിനാൽ ഈ ഉത്തരവ്.

<u>**ഉത്തരവ്**</u>

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. അൻസർ പി.എ-യെ കോമൺ ഫെസിലിറ്റി സർവീസ് സെന്റർ ചങ്ങനാശ്ശേരിയിൽ നിലവിലുള്ള ഫോർമാൻ (പ്ലാസ്റ്റിക്) തസ്തികയിലേക്ക് ₹ 50200-105300 (Revised) ശമ്പള സ്കെയിലിൽ തസ്തിക മാറ്റം വഴി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ടിയാനെ വിടുതൽ ചെയ്യേണ്ടതും ടിയാൻ കോമൺ ഫെസിലിറ്റി സർവീസ് സെന്റർ ചങ്ങനാശ്ശേരി ഡെപ്യൂട്ടി ഡയറക്ടർ (I/C) മുൻപാകെ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ടിയാനെ വിടുതൽ

I/265837/2022

ചെയ്ത /ജോലിയിൽ പ്രവേശിപ്പിച്ച വിവരം ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. ടിയാന്റെ സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

S. HARIKISHORE I A S
DIRECTOR

സ്വീകർത്താവ്:- ശ്രീ. അൻസർ പി.എ, ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1. അക്കൌണ്ടന്റ് ജനറൽ ,തിരുവനന്തപുരം
2. ഡെപ്യൂട്ടി ഡയറക്ടർ (I/C), കോമൺ ഫെസിലിറ്റി സർവീസ് സെൻറർ ചങ്ങനാശ്ശേരി
3. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം
4. സൂക്ഷിപ്പ് ഫയൽ

ഉത്തരവിൻപ്രകാരം

**Signed by Hiranmay K R**
**Date: 02-09-2022 11:31:15**
സീനിയർസൂപ്രണ്ട്